**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4721** **10-08-2021 - ൽ മറുപടിയ്ക്ക്**

**ക്ഷീര സഹകരണ സംഘങ്ങൾ മുഖേനയുള്ള പാൽ സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. പി. നന്ദകുമാർ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പാൽ ഉല്പാദനം വർദ്ധിക്കുന്നതിന് അനുസൃതമായി സംഭരണം വർദ്ധിപ്പിക്കുന്നതിന് ക്ഷീര സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കാൻ പദ്ധതിയുണ്ടോ; | (എ) | സംസ്ഥാനത്ത് പാൽ ഉല്പാദനം വർദ്ധിക്കുന്ന സാഹചര്യത്തിൽ ക്ഷീരസംഘങ്ങളെ ശാക്തീകരിക്കുന്നതിനും സംഭരണം വർദ്ധിപ്പിക്കുന്നതിനായുള്ള അടിസ്ഥാനസൗകര്യ വികസനത്തിനുമായി "ക്ഷീരസംഘങ്ങൾക്ക് ധനസഹായം" പദ്ധതി നടപ്പിലാക്കി വരുന്നു. നിലവിൽ സംസ്ഥാനത്ത് 461 ക്ഷീരസംഘങ്ങളിൽ ബൾക്ക് മിൽക്ക് കൂളറുകൾ ഉണ്ട്. സംഭരണം വർദ്ധിക്കുന്നതിന് അനുസരിച്ച് കൂടുതൽ ക്ഷീരസംഘങ്ങളിൽ ബൾക്ക് മിൽക്ക് കൂളറുകൾ വേണ്ടിവരും. ഇതിനായി ക്ഷീരസഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വകുപ്പിന്റെ അവശ്യാധിഷ്ഠിത ധനസഹായ പദ്ധതി, പുതുതായി ആരംഭിക്കുന്ന ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, പ്രവർത്തനരഹിതമായ ക്ഷീരസംഘങ്ങളുടെ പുനരുദ്ധാരണ ധനസഹായ പദ്ധതി, മിൽക്ക് റൂട്ട് ഇല്ലാത്ത സംഘങ്ങൾക്കുള്ള സഹായ പദ്ധതി, ക്ഷീരസംഘങ്ങൾക്ക് മാനേജീരിയൽ ധനസഹായ പദ്ധതി, കോർപ്പസ് ഫണ്ട് പദ്ധതി എന്നിവ സർക്കാർ നടപ്പിലാക്കി വരുന്നു. |
| (ബി) | ക്ഷീര സഹകരണ സംഘങ്ങൾക്ക് എന്തെല്ലാം ധനസഹായങ്ങളാണ് നൽകുന്നതെന്ന് അറിയിക്കാമോ; | (ബി) | ക്ഷീരസംഘങ്ങളുടെ ശാക്തീകരണത്തിനായി ധനസഹായം അനുവദിക്കുന്ന വിവിധ പദ്ധതികൾ "ക്ഷീരസംഘങ്ങൾക്ക് ധനസഹായം" പദ്ധതിയിലൂടെ നടപ്പിലാക്കിവരുന്നു. ക്ഷീര സംഘങ്ങൾക്കുള്ള അവശ്യാധിഷ്ഠിത ധനസഹായ പദ്ധതി, പുതുതായി ആരംഭിക്കുന്ന ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, പ്രവർത്തനരഹിതമായ ക്ഷീരസംഘങ്ങളുടെ പുനരുദ്ധാരണ ധനസഹായ പദ്ധതി, മിൽക്ക് റൂട്ട് ഇല്ലാത്ത സംഘങ്ങൾക്കുള്ള സഹായ പദ്ധതി, |

| | | | |
|---|---|---|---|
| | | | ക്ഷീരസംഘങ്ങൾക്ക് മാനേജീരിയൽ ധനസഹായ പദ്ധതി, ക്ഷീരസംഘങ്ങൾ മുഖേന പച്ചപ്പുൽ/വയ്ക്കോൽ വിതരണ പദ്ധതി, എഫ്.എസ്.എസ്.എ 2006 നടപ്പിലാക്കാനുള്ള ധനസഹായ പദ്ധതി, നൂതന പദ്ധതികളായ മഴവെള്ളസംഭരണി നിർമ്മാണ പദ്ധതി, ക്ഷീരസംഘങ്ങൾക്ക് സ്വന്തമായി സ്ഥലം വാങ്ങുന്നതിന് ധനസഹായം എന്നിവ ഈ പദ്ധതിയുടെ ഘടക പദ്ധതികളാണ്. ഫാർമേഴ്സ് ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ, ഹൈജീനിക് മിൽക്ക് കളക്ഷൻ റൂം, കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള സംഘങ്ങളുടെ അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾ, ചെലവ് കുറഞ്ഞ മാലിന്യസംസ്കരണ പ്ലാന്റുകളുടെ നിർമ്മാണം, സൗരോർജ്ജ സംരക്ഷണ പദ്ധതികൾ എന്നീ പദ്ധതികളും ക്ഷീരസഹകരണ സംഘങ്ങളെ ശാക്തീകരിക്കുന്നതിനും ഗ്രാമീണമേഖലയിലെ പാൽ സംഭരണ വിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതികളും സർക്കാർ നടപ്പിലാക്കി വരുന്നു. |
| (സി) | കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ സഹകരണ സംഘങ്ങൾ മുഖേനയുള്ള പാൽ സംഭരണം എത്രത്തോളം വർദ്ധിച്ചു എന്നതിന്റെ കണക്ക് ലഭ്യമാണോ? | (സി) | 2014-15-ൽ പ്രതിദിനം 15.26 ലക്ഷം ലിറ്റർ പാൽ ക്ഷീരസംഘങ്ങൾ മുഖേന സംഭരിച്ചിരുന്ന സ്ഥാനത്ത് 2020-21-ൽ പ്രതിദിന സംഭരണം 21.3 ലക്ഷം ലിറ്റർ ആയി വർദ്ധിച്ചു. |

സെക്ഷൻ ഓഫീസർ